സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി
കുറ്റിയാനി, റാന്നി (നിലയ്ക്കൽ ഭദ്രാസനം)
സ്ഥാപിതം : 1928

കുറ്റിയാനി പള്ളി പെരുന്നാൾ

2025 ഏപ്രിൽ 27 മുതൽ
മെയ് 11 വരെ

സഹദാനാദം

പെരുന്നാൾ സ്പെഷ്യൽ പതിപ്പ്

അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത, അഭി. ഡോ . ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത എന്നീ പിതാക്കന്മാർ മുഖ്യ കാർമ്മികത്വം വഹിക്കുന്നു

പെരുന്നാൾ കൊടിയേറ്റ് | പിതൃസ്മൃതി | ഒരുക്കധ്യാനം | വചന ശുശ്രൂഷ | യുവജന സംഗമം | വി. മൂന്നിൻമേൽ കുർബ്ബാന | ചെമ്പിൽ അരിയിടീൽ | ഭക്തി നിർഭരമായ പ്രദക്ഷിണം | ശ്ലൈഹീക വാഴ്വ് | വാദ്യമേളങ്ങളുടെ ഡിസ്പ്ലേ | ആകാശ ദീപക്കാഴ്ച | ചെമ്പെടുപ്പ് | വെച്ചൂട്ട് | കൊടിയിറക്ക്

The Malankara Orthodox Syrian Church
CATHOLICATE OF THE EAST
Diocese of Nilackal

Dr. Joshua Mar Nicodimos
Diocesan Metropolitan
Mob:9446600671

Nilackal Orthodox Diocesan Centre
St.Thomas Aramana
Pazhavangadi P.O., Ranni
Pin- 689673
Pathanamthitta Dist
Kerala, India
Tel : 04735 -224477
e-mail : nilackaldiocese@gmail.com

OL 41/2025 April 8, 2025

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവക വികാരി ബഹു. ഷിബിൻ വറുഗീസ് അച്ചനും ഇടവകാംഗങ്ങൾക്കും ദൈവവിശ്വാസികളായ ഏവർക്കും വാഴ്വ്.

പ്രിയരെ,

നിലയ്ക്കൽ ഭദ്രാസനത്തിലെ റാന്നി, കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ 97-ാമത് പെരുന്നാൾ ഏപ്രിൽ 27 മുതൽ മെയ് 11 വരെയുള്ള തീയതികളിൽ വിവിധ പരിപാടികളോടുകൂടി നടത്തുകയാണല്ലോ. പെരുന്നാളിനോടനുബന്ധിച്ച് ഇടവക ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിൽ നമ്മുടെ സന്തോഷം രേഖപ്പെടുത്തുന്നു.

ശതാബ്ദിയിലേക്ക് അടുക്കുന്ന ഇടവക, ഒരു ശതാബ്ദി സ്മാരക മന്ദിരം നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെ നീങ്ങുന്നതിനോടൊപ്പം പുതിയ ഒരു വസ്തുവും കൂടി വാങ്ങുന്നതിന് സാധിച്ചതിൽ ഇടവകയെ ശ്ലാഘിക്കുന്നു. ഇടവകയുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് അനുഗ്രഹകരമായ നേതൃത്വം നൽകുന്ന ഇടവക വികാരി ബഹു. ഷിബിൻ വറുഗീസ് അച്ചനെയും ഭരണസമിതി അംഗങ്ങളെയും ഇടവകാംഗങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു.

കഴിഞ്ഞ 97 വർഷങ്ങളായി ഇടവകയെ അനുഗ്രഹകരമായി നയിച്ച വൈദിക ശ്രേഷ്ഠരേയും കാലാകാലങ്ങളിൽ ഇടവകയുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായി തീർന്ന എല്ലാ ഇടവകാംഗങ്ങളെയും നന്ദിയോടെ ദൈവസന്നിധിയിൽ സ്മരിക്കുന്നു. വി. ഗീവർഗീസ് സഹദായുടെ അനുഗ്രഹീത മദ്ധ്യസ്ഥതയിൽ സ്ഥാപിതമായിട്ടുള്ള ഈ ദേവാലയം റാന്നി ദേശത്തിന് മൊത്തമായും കുറ്റിയാനി പ്രദേശത്തിന് പ്രത്യേകമായും ആത്മീയ പ്രഭയും ചൈതന്യവും അനവരതം ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വി. ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥത ഏവർക്കും കാവലും കോട്ടയുമാകട്ടെ. പ്രാർത്ഥനയും ആശംസകളും അർപ്പിച്ചുകൊള്ളുന്നു.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

ഡോ.ജോഷ്വാ മാർ നിക്കോദീമോസ്
മെത്രാപ്പോലീത്ത

ക്ഷണക്കത്ത്

മലയോര നാടിന്റെ റാണി എന്നറിയപ്പെടുന്ന പമ്പയാറിന്റെ തീരങ്ങളെ പുൽകുന്ന റാന്നിയിൽ വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ ഒരു ദൈവാലയമാണ് കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി. 1928ൽ തെങ്ങുംതോട്ടത്തിൽ വന്ദ്യ റ്റി.എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഇടവക സ്ഥാപിതമായി.

ദൈവാലയത്തിന്റെ ഈ വർഷത്തെ പ്രധാന പെരുന്നാൾ 2025 മെയ് 5, 6 തീയതികളിലായി നടത്തപ്പെടുന്നു. നാനാജാതിമതസ്ഥരായ അനേകം വിശ്വാസികൾ നേർച്ചകാഴ്ചകളുമായി പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു. പള്ളിയുടെ പടിഞ്ഞാറു വശത്ത് സ്ഥാപിച്ചിരിക്കുന്ന വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി നാനാജാതിമതസ്ഥർക്ക് ഒരു ആശ്രയകേന്ദ്രമാണ്. വി. ഗീവർഗ്ഗീസ് സഹദായെ ദേശത്തിന്റെ മദ്ധ്യസ്ഥനായി ഏവരും കരുതുന്നു. വിശുദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള അത്ഭുത പ്രവർത്തനങ്ങൾ ഈ പ്രദേശത്തെ എല്ലാവിശ്വാസികളും അനുഭവിച്ചിട്ടുള്ളതാണ്. വി. ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥത നമുക്കേവർക്കും കാവലും കോട്ടയുമായി തീരട്ടെ.

97 ാമത് പെരുന്നാൾ ആചരിക്കുന്ന ഇടവക, ശതാബ്ദിയുടെ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചാരിറ്റി പ്രവർത്തനത്തിനു എപ്പോഴും മുൻതൂക്കം നൽകുന്ന ഇടവക നാളിതുവരെയായി നിരവധി ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ശതാബ്ദിയോട് അനുബന്ധിച്ച് ഇടവക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഭവനം നിർമ്മിച്ച് നൽകണമെന്ന ആഗ്രഹത്തോടെ ഈ വർഷത്തെ പെരുന്നാളിനോട് ചേർന്ന് ആയതിന്റെ പ്രവർത്തന ഉദ്ഘാടനവും നടത്തപ്പെടുന്നു.

തന്നാണ്ടിൽ ദൈവാലയത്തിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തി. പള്ളിയുടെ പടിഞ്ഞാറുവശത്തായി അഞ്ചര സെന്റ് സ്ഥലവും, മൂന്നു മുറികൾ ഉള്ള ഒരു കൊമേഴ്സ്യൽ ബിൽഡിംഗും വാങ്ങുവാൻ സാധിച്ചു. ഈ വർഷത്തെ പെരുന്നാളിനോടനുബന്ധിച്ച് പെരുന്നാൾ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതിനുവേണ്ടി പ്രയത്നിച്ച ഇടവക ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി, സപ്ലിമെന്റ് കമ്മിറ്റി, എഡിറ്റോറിയൽ ബോർഡ്, ഇടവക ജനങ്ങൾ, ഇതിൽ പരസ്യം നൽകി സഹായിച്ചവർ ഉൾപ്പടെയുള്ള ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

പെരുന്നാൾ ശുശ്രൂഷകൾക്ക് കോട്ടയം ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത, നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത എന്നിവർ മുഖ്യ കാർമികത്വം വഹിക്കുന്നു. പ്രാർത്ഥനയോടും നേർച്ച കാഴ്ചകളോടുംകൂടെ പെരുന്നാൾ ശുശ്രൂഷകളിൽ സംബന്ധിച്ച് വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.

ഫാ. ഷിബിൻ വർഗീസ് (ഇടവക വികാരി)

ഇടവക പട്ടക്കാർ

പാവന സ്മരണ

അഭി. ഗീവർഗീസ് മാർ ദിയസ്കോറോസ്
1926-1999
[തിരുവനന്തപുരം ഭദ്രാസന പ്രഥമ മെത്രാപ്പോലീത്ത]

ഫാ. പി. കെ. സഖറിയ
പുതുവയൽ
(1904-1974)

റവ. ഫാ. വിനോദ് ഫിലിപ്പ്
തെള്ളിയിൽ

റവ. ഫാ. ജോബി ജോസഫ് ജോർജ്ജ്
ആഞ്ഞിലിവേലിൽ കളത്തൂർ

ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ചൊ
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ആദ്യകാല ക്രിസ്ത്യൻ രക്തസാക്ഷികൾ

ഫാ. സോബിൻ സാമുവേൽ
(നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി)

യേശുക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം പീഡനം, കഷ്ടപ്പാട്, മരണം എന്നിവയെ മനസ്സോടെ നേരിടുകയും, മതപരമായ ബോധ്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ ഉറച്ചുനിൽക്കുകയും ചെയ്യുന്ന വ്യക്തിയാണ് രക്തസാക്ഷി. **സാക്ഷി** എന്നർത്ഥമുള്ള **മാർട്ടിസ്** എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'രക്തസാക്ഷി' എന്ന പദം ഉത്ഭവിച്ചത്.

യേശുവിന്റെ കഷ്ടപ്പാടുകൾ മനുഷ്യരാശിയുടെ രക്ഷയിലേക്കുള്ള വഴിയായിരുന്നു, ഈ കഷ്ടപ്പാടുകൾ അനുകരിക്കുന്നതിലൂടെ രക്തസാക്ഷികൾ കൂടുതൽ ക്രിസ്തുവിനെ പിൻപറ്റുവാൻ ശ്രമിച്ചു. നാലാം നൂറ്റാണ്ടോടെ, രക്തസാക്ഷികളുടെ പട്ടിക തയ്യാറാക്കുകയും അവരുടെ മരണങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ പകർത്തി ക്രൈസ്തവർ ലോകമെമ്പാടും പ്രചരിപ്പിക്കുകയും ചെയ്തു.

ആദ്യത്തെ ക്രിസ്തീയ രക്തസാക്ഷിയാണ് സ്തേഫാനോസ് സഹദാ. രക്തസാക്ഷികളോടുള്ള ആദിമ സഭയുടെ വികാരം സ്നേഹത്തിൽ നിന്ന് ആദരവിലേക്ക് മാറി. രക്തസാക്ഷികളെ ആദരിച്ചിരുന്നത് അവരുടെ 'സ്വർഗ്ഗീയ ജന്മദിനങ്ങൾ' (അതായത്, അവരുടെ മരണ വാർഷികങ്ങൾ) വർഷം തോറും ആഘോഷിച്ചുകൊണ്ടാണ്. രക്തസാക്ഷികൾക്ക് നൽകിയിരുന്ന ആദരവ് എപ്പോഴാണ് അവരുടെ ഭൗതികാവശിഷ്ടങ്ങളിലേക്ക് മാറിയതെന്ന് കൃത്യമായി അറിയില്ല, പക്ഷേ രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട പോളികാർപ്പിന്റെ രക്തസാക്ഷിത്വ വിവരണത്തിൽ, സ്മിർണയിലെ സഭ വിശുദ്ധന്റെ അസ്ഥികളെ 'വിലയേറിയ കല്ലുകളേക്കാൾ വിലപ്പെട്ടതും സ്വർണ്ണത്തേക്കാൾ മികച്ചതുമായി' കണക്കാക്കപ്പെടുന്നു.

ക്രൈസ്തവസഭയുടെ ആദ്യത്തെ രക്തസാക്ഷിയായ വി. സ്തേഫാനോസിനെ യഹൂദ മതത്തിന്റെ ആവശ്യപ്രകാരമാണ് കല്ലെറിഞ്ഞുകൊന്നത്. അവർക്കു നേതൃത്വം നൽകിയതിൽ യഹൂദ പണ്ഡിതനായ ശൗലും ഉണ്ടായിരുന്നു, അദ്ദേഹം പിന്നീട് പൗലോസ് എന്ന നാമം സ്വീകരിച്ച് ക്രൈസ്തവ സഭയുടെ നട്ടെല്ലായി പരിവർത്തനം ചെയ്യപ്പെട്ടു.

ക്രിസ്തീയ രക്തസാക്ഷികളുടെ ചരിത്രം സ്തേഫാനോസിന്റെ മരണത്തോടെ അവസാനിക്കുന്നില്ല.

വി. ഗീവർഗീസ് സഹദാ ക്രിസ്തുമതത്തിൽ ഒരു വിശുദ്ധനായി ആദരിക്കപ്പെടുന്ന ഒരു ആദ്യകാല ക്രിസ്ത്യൻ രക്തസാക്ഷിയായിരുന്നു. പാരമ്പര്യം അനുസരിച്ച്, അദ്ദേഹം റോമൻ സൈന്യത്തിലെ ഒരു പട്ടാളക്കാരനായിരുന്നു. കപ്പദോക്യൻ ഗ്രീക്ക് വംശജനായ അദ്ദേഹം, റോമൻ ചക്രവർത്തി ഡയോക്ലീഷ്യന്റെ പ്രെറ്റോറിയൻ ഗാർഡിൽ അംഗമായി, പക്ഷേ തന്റെ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ വിസമ്മതിച്ചതിന് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. ക്രിസ്തുമതത്തിലെ ഏറ്റവും ആദരണീയരായ വിശുദ്ധന്മാരിൽ ഒരാളായും, വീരന്മാരിലും, രക്തസാക്ഷികളിലും ഒരാളായും അദ്ദേഹം മാറി. കുരിശു യുദ്ധങ്ങൾ മുതൽ ഒരു സൈനിക വിശുദ്ധനായി അദ്ദേഹത്തെ പ്രത്യേകം ആദരിച്ചു.

ചരിത്രപരമായി, ഇംഗ്ലണ്ട്, ബോസ്നിയ, ഹെർസഗോവിന, ബൾഗേറിയ, ജോർജിയ ഉക്രെയ്ൻ, മാൾട്ട, എത്യോപ്യ, കാറ്റലോണിയ, അരഗോൺ പ്രദേശങ്ങൾ, മോസ്കോ, ബെയ്റൂട്ട് നഗരങ്ങൾ എന്നിവ വി. ഗീവർഗീസ് സഹദായെ തങ്ങളുടെ രാജ്യത്തിന്റെ കാവൽപിതാവായി സ്വീകരിച്ചിട്ടുണ്ട്.

വി. ഗീവർഗീസ് സഹദാ: യുവത്വത്തിന്റെ മാർഗദീപം

ഫാ. സ്റ്റെഫിൻ ജേക്കബ്
വികാരി, സെന്റ് ജോർജ്ജ്
ഓർത്തഡോക്സ് പള്ളി, കൊക്കാത്തോട്

ധീരത, സമഗ്രത, തിന്മയ്ക്കെതിരായ പോരാട്ടം എന്നിവയുമായി ബന്ധപ്പെടുത്തി കാണാവുന്ന വ്യക്തിത്വമാണ് വി. ഗീവർഗീസ് സഹദായുടേത്. ആധുനിക ലോകത്ത് യുവാക്കൾ നേരിടുന്ന വെല്ലുവിളികൾ സംസാരവിഷയമാകുമ്പോൾ, വ്യക്തിത്വ വികസനത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും അത്യന്താപേക്ഷിതമായ സ്വഭാവഗുണങ്ങൾ വികസിപ്പിക്കുന്നതിന് വി. ഗീവർഗീസ് സഹദാ ഒരു വിശാലമായ പാഠപുസ്തകമാണ്. ധൈര്യം, സമഗ്രത, സഹാനുഭൂതി ഇവ മൂന്നുംകൂടി ചേരുമ്പോൾ മാത്രമാണ് യൗവ്വനം തുച്ഛീകരിക്കപ്പെടാത്തതാവുന്നത്.

പ്രതികൂല സാഹചര്യങ്ങളിൽ പുലർത്തേണ്ടുന്ന ധൈര്യം.

വി. ഗീവർഗീസ് സഹദായുടെ സ്വഭാവത്തിന്റെ ആദ്യ ഏട് ധൈര്യമാണ്. മഹാസർപ്പവുമായുള്ള ഐതിഹാസിക യുദ്ധം പ്രതികൂല സാഹചര്യങ്ങൾക്കെതിരായ പോരാട്ടത്തെ പ്രതീകപ്പെടുത്തുന്നു. ഇന്ന് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും ഇതുപോലെയാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത് വിവിധ തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ യുവജനങ്ങൾ നിർബന്ധിതരാകുന്നു. അക്കാദമിക് സമ്മർദ്ദം, സാമൂഹിക പ്രതീക്ഷകൾ, അസന്മാർഗിക പ്രലോഭനങ്ങൾ തുടങ്ങി ഏതു വെല്ലുവിളികളെയും നേരിടാനുള്ള കഴിവ് യുവ ജനങ്ങൾക്ക് പരമപ്രധാനമാണ്.

സഹാനുഭൂതിയോടെ വർത്തിക്കുവാൻ കഴിയണം.

സഹാനുഭൂതി, മറ്റുള്ളവരുടെ വികാരങ്ങൾ മനസിലാക്കാനും പങ്കിടാനുമുള്ള കഴിവ്, താൻ സംരക്ഷിച്ചവരോടുള്ള വി. ഗീവർഗീസ് സഹദായുടെ അനുകമ്പയുടെ പൈതൃകത്തിൽനിന്ന് ഉരുത്തിരിഞ്ഞ ഒരു സ്വഭാവ സവിശേഷതയാണ്. വൈവിധ്യമാർന്നതും പലപ്പോഴും ഭിന്നിപ്പുള്ളതുമായ ലോകത്ത്, യുവാക്കൾക്കിടയിൽ സഹാനുഭൂതി വളർത്തിയെടുക്കുന്നത് ക്രിസ്തു പഠിപ്പിച്ച ഉൾക്കൊള്ളലിന്റെ അനുഭവത്തിലേക്ക് നയിക്കും.

നാം ജീവിക്കുന്ന വിശാലമായ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കുന്നതിലൂടെ, യുവാക്കൾക്ക് മാറ്റത്തിന്റെ വക്താക്കളാകാൻ കഴിയും. സാമൂഹിക നീതിയോടുള്ള അഭിനിവേശം ജ്വലിപ്പിക്കുവാനും അനുകമ്പയുള്ള നടപടിയെടുക്കുവാനും അപ്രകാരം സഹാനുഭൂതിയോടെ വർത്തിക്കുവാനും ഗീവർഗീസിന് സാധിച്ചപ്പോൾ, അദ്ദേഹം സഹദായായി മാറുന്നു. പെരുന്നാളുകൾ ഈ വിശുദ്ധന്മാരുടെ ജീവിത വിശുദ്ധിയോട് അനുരൂപപ്പെടുവാനുള്ള വാതിലാണ്.

ആധുനിക ലോകത്തിലെ യുവജനങ്ങളുടെ വികസനത്തിന് അവിഭാജ്യമായ എല്ലാ ഗുണങ്ങളുടെയും കാലാതീതമായ പ്രതീകമായി വി. ഗീവർഗീസ് സഹദാ നിലകൊള്ളുന്നു. ഈ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്നതിലൂടെ, യുവാക്കൾക്ക് സമകാലിക സമൂഹത്തിന്റെ സങ്കീർണ്ണതകളെ കൂടുതൽ പ്രതിബദ്ധതയോടെ നേരിടുവാൻ സാധിക്കും. അവർ വെല്ലുവിളികളെ അഭിമുഖീകരിക്കുകയും സമഗ്രതയോടെ പ്രവർത്തിക്കുകയും സഹാനുഭൂതി വളർത്തിയെടുക്കുകയും ചെയ്യുമ്പോൾ, കൂടുതൽ നീതിയും അനുകമ്പയും നിറഞ്ഞ ഒരു ലോകം സൃഷ്ടിക്കുന്നതിന് കാരണമാവും.

കുറ്റിയാനി പള്ളി പെരുന്നാൾ

ദേശത്തിന്റെ പെരുന്നാൾ

ഫാ. ജോബി ജോസഫ് ജോർജ്ജ്
ഇടവക പട്ടക്കാരൻ

പമ്പാനദിയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന റാന്നി ദേശത്തിന്റെ ഓർത്തഡോക്സ് ആരാധനാ പാരമ്പര്യത്തിന്റെയും ആത്മീക വളർച്ചയുടെയും ഈറ്റില്ലം കൂടിയാണ് 1928 ൽ സ്ഥാപിതമായ ഈ ദൈവാലയം.

ഈ ദേശത്ത് ജീവിക്കുന്ന ദൈവമക്കൾക്കും ഇവിടേക്ക് കടന്നുവന്ന് ആരാധനയിൽ സംബന്ധിക്കുന്നവർക്കും അനുഗ്രഹത്തിന്റെയും സമാധാനത്തിന്റെയും വറ്റാത്ത ഉറവയായി വി. ഗീവർഗീസ് സഹദായുടെ സാന്നിധ്യം അനുഭവപ്പെടുന്ന ഈ ദൈവാലയം നിലകൊള്ളുന്നു. അതിന്റെ തെളിവാണ് എല്ലാ വർഷവും മെയ് മാസം ആദ്യവാരം നടക്കുന്ന പെരുന്നാൾ ശുശ്രൂഷകളിൽ സംബന്ധിക്കുന്ന ആളുകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം. ദേശം ചുറ്റിയുള്ള ഭക്തിനിർഭരമായ പ്രദക്ഷിണത്തിന് വി. ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് നാനാജാതി മതസ്ഥർ പ്രാർത്ഥനയോടും നേർച്ച കാഴ്ചകളോടും കൂടി പങ്കുചേരുന്നു. വിളിച്ചാൽ വിളികേൾക്കുന്ന വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ ദേശത്തിന്റെയും ദേശനിവാസികളുടെയും ദൈവീക വിശ്വാസത്തിന്റെ പ്രതീകമാണ്. പെരുന്നാൾ ഒരുക്കങ്ങൾ ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെ ആത്മീയ അന്തരീക്ഷത്താലും വർണ്ണ വൈവിധ്യങ്ങളാലും നിറഞ്ഞുനിൽക്കുന്ന പെരുന്നാൾ ദിനങ്ങൾ ഈ നാടിന്റെതന്നെ ഒരു ആഘോഷമാണ്. ഓരോ വർഷവും പെരുന്നാൾ പൂർത്തീകരിക്കുമ്പോൾ അടുത്ത വർഷത്തെ പെരുന്നാളിനായി ഈ ദേശം കാത്തിരിക്കുന്നു. അങ്ങനെ ദേശത്തിന്റെ വലിയ പെരുന്നാളായി കുറ്റിയാനി പള്ളി പെരുന്നാൾ മാറുന്നു.

ഓർമ്മ എന്നത് ഇന്നലെ ജീവിച്ച ആളിനെ സ്മരിക്കുന്നത് മാത്രമല്ല, പിന്നെയോ, ഇന്നലെ ജീവിച്ച ആളിന്റെ ജീവിതാനുഭവങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ പകർത്തി അതിൽ പങ്കാളിയാവുക എന്നതാണ്. ഓരോ വർഷത്തെയും പെരുന്നാളുകൾ മുൻവർഷത്തെ പെരുന്നാളുകളുടെ ആവർത്തനം അല്ല. മറിച്ച് പരിശുദ്ധ ഗീവർഗീസ് സഹദായുടെ ജീവിതത്തെ നമ്മുടെ ജീവിതത്തിലേക്ക് സന്നിവേശിപ്പിക്കുന്ന, അതനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്ന വലിയൊരു ആദ്ധ്യാത്മിക അനുഭവമാണ്.

ഏതു ജീവിതാവസ്ഥയിലും നമുക്ക് ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാമെന്നും സത്യം, ധർമ്മം, നീതി, സുകൃതം എന്നിവ നിലനിർത്തുവാൻ സാധിക്കുമെന്നും വി. ഗീവർഗീസ് സഹദായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ജാതിമത ഭേദമന്യേ സർവരാലും വി. ഗീവർഗീസ് സമാദരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത തേടുന്നവർ പതിനായിരക്കണക്കിനായി ഉയർന്നിരിക്കുന്നു. ആ മഹാ പരിശുദ്ധന്റെ നല്ല ജീവിത മാതൃകയിൽ ജീവിക്കുവാൻ നമുക്കും ഇടയാകട്ടെ.

പരിശുദ്ധ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥത നമുക്ക് ഏവർക്കും കാവലും കോട്ടയും ആയിരിക്കട്ടെ.



ഫാ. ഷിബിൻ വർഗീസ്
തെങ്ങുംതോട്ടത്തിൽ ഊന്നുകല്ലിൽ
(വികാരി)

തോമസ് മാത്യു
ചരുവിൽ
(ട്രസ്റ്റി)

ജോർജ് പി ചാക്കോ
ചിറയിൽ
(സെക്രട്ടറി)

അമൽ റ്റി മാത്യു, തെള്ളിയിൽ
(പെരുന്നാൾ കൺവീനർ)

സുജിത്ത് സ്കറിയ വർഗീസ്
(പബ്ലിസിറ്റി കൺവീനർ)

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

അന്നമ്മ ജെയിംസ്
ചിറയിൽ

ജോർജ് സൈമൺ
കാലായിൽ

ഹാരോൾഡ് ജെ ഈശോ
തേവർവേലിൽ

ലിബിൻ ചാക്കോ
തേവർവേലിൽ

ഇടവക പുതുതായി വാങ്ങിയ കെട്ടിടം

ഇടവക ഭരണസമിതി

സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനം, കുറ്റിയാനി

ELITE STARS
ADVERTISING
Perfect Blend of Creation & Media
Makkamkunnu, Pathanamthitta
9947761716, 9496159857
estarsadvt@gmail.com

Trophies & Mementos
GRAPHIC DESIGNING
Digital & Offset Printing
Designing & Printing :
Magazine, Souvenir, Newsletters
Parish Directory
Perunnal Notice, Invitation Cards etc...

Alan T. Mathew
9605542938
9847841578, 8301860047
alantmathew53@gmail.com
ST.GEORGE NEW VISION
ANGADI-RANNI
PATHANAMTHITTA DIST. KERALA
CCTV SYSTEMS • INVERTERS & BATTERY • SOLAR SYSTEMS
HIKVISION dahua CP PLUS

ST.GEORGE NEW VISION
ഞങ്ങളുടെ മാത്രം പ്രത്യേകതകൾ
പരിചയസമ്പന്നരായ ടെക്നീഷ്യൻസ്
ആയിരത്തിൽപരം സാറ്റിസ്ഫൈഡ് കസ്റ്റമേഴ്സ്
2 വർഷം വാറണ്ടി
എല്ലാവിധ സോളാർ ക്യാമറകളും,വൈഫൈ ക്യാമറകളും, നിങ്ങളുടെ വീടിനും സ്ഥാപനത്തിനും ആവശ്യമായ എല്ലാവിധ സെക്യൂരിറ്റി സിസ്റ്റംസും മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോട് കൂടി ചെയ്തു കൊടുക്കുന്നു.
T&C Apply

SE
The Symbol of Quality
Sunny George
9811344504
SONIA ELECTRONICS
Manufacturers & Suppliers of :
Remote Bell, Door Bell, Continuous Mantra, Water Over Flow Alarm,
Power Strip, Electronic Choke & Fan Regulator
Shop : 2111/8, Sona Bazar, Bhagirath Palace, Delhi-11006, Ph : 011-66301692
Works : A-751, Shastri Nagar, Delhi-110052, Ph : 64994257, 64507488
Fax : 011-23654099, e-mail : sunnygeorgebell@yahoo.in


Authorized Regional distributor of Prama, Hikvision and CP Plus
E Store 360
THIRUVALLA
PRAMA
MADE FOR INDIA - MADE BY INDIA - MADE IN INDIA
HIKVISION
CCTV , Cable TV & NETWORK Products
Fujikura
CP PLUS
E Store360, Ground Floor, Shop 173/7, Thiruvalla Mallapally Road,
Near Chilanka Theatre Bypass Signal ,Thiruvalla, Kerala, 689101
MOB : 6238108139, 8281010193
WEB: WWW.ESTORE360.IN

23rd Death Anniversary (11.05.2025)
T. V. THOMAS, THENMADATHIL
In Remembrance of our beloved Achachen
T V THOMAS & BROS.
PAINTS & HARDWARES
DEALERS IN: EVEREST ASBESTOS, RAMCO CEMENTS &
ALL BUILDING AND ROOFING MATERIALS
THENMADATHIL STEELS
DEALERS IN: SANKAR CEMENT,
EVEREST TMT, ANGLES, ROUNDS, FLATS ETC..
RANNI. Ph: 04735 226234
9961309755, 8547209066



പെരുന്നാൾ കാര്യപരിപാടികൾ

2025 ഏപ്രിൽ 27 ഞായർ പുതുഞായറാഴ്ച

07:00 am പ്രഭാത നമസ്കാരം
08:00 am **വി.കുർബ്ബാന**
റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(സഭാ വൈദിക ട്രസ്റ്റി)
10:00 am **പെരുന്നാൾ കൊടിയേറ്റ്**
കുരിശടികളിൽ കൊടിയേറ്റ് തുടർന്ന്
ഇടവക ഭവനങ്ങളിൽ കൊടിയേറ്റ്
11:00 am **ഒ വി ബി എസ് സമാപന സമ്മേളനം ഉദ്ഘാടനം**
റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
06:00 pm സന്ധ്യാ നമസ്കാരം : സെന്റ് ജോർജ്ജ് കുരിശ്ശടി, ചെട്ടിമുക്ക്
07:00 pm **വചന ശുശ്രൂഷ : റവ. ഫാ. ഷിബു ടോം വർഗീസ്**
(മാനേജർ, കാതോലിക്കേറ്റ് മീഡിയ വിംഗ്, ദേവലോകം)
ആശിർവാദം, നേർച്ച വിളമ്പ്

2025 മെയ് 1 വ്യാഴം

06:45 am പ്രഭാത നമസ്കാരം
07:15 am **വി.കുർബ്ബാന : റവ.ഫാ. വിനോദ് ഫിലിപ്പ്**
(ഇടവക പട്ടക്കാരൻ)
08:30 am പിതൃസ്മൃതി : സെമിത്തേരിയിൽ ധൂപ പ്രാർത്ഥന
06:00 pm സന്ധ്യാ നമസ്കാരം.

2025 മെയ് 2 വെള്ളി

06:45 am പ്രഭാത നമസ്കാരം
07:15 am **വി.കുർബ്ബാന : റവ. ഫാ. ടൈറ്റസ് ജോർജ്ജ്**
(മുൻ വികാരി, തുമ്പമൺ ഭദ്രാസന മുൻ സെക്രട്ടറി)
06:00 pm സന്ധ്യാ നമസ്കാരം.

2025 മെയ് 3 ശനി

06:45 am പ്രഭാത നമസ്കാരം
07:15 am **വി.കുർബ്ബാന : റവ. ഫാ. വി എ സ്റ്റീഫൻ** (മുൻ വികാരി)
06:00 pm സന്ധ്യാ നമസ്കാരം

2025 മെയ് 4 ഞായർ

07:00 am പ്രഭാത നമസ്കാരം
08:00 am **വി.കുർബ്ബാന**
വെരി.റവ.ജേക്കബ് ഫിലിപ്പ് കോർ എപ്പിസ്കോപ്പ
(മുൻ വികാരി)
10:00 am **ചെമ്പിൽ അരിയിടീൽ**
01:30 pm **മാർഗ്ഗ നിർദ്ദേശ ക്ലാസ്**
(നിലയ്ക്കൽ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ)
ഉദ്ഘാടനം : **അഭി. ഡോ. ജോഷ്വാ മാർ നിക്കോദീമോസ്**
(ഇടവക മെത്രാപ്പോലീത്ത)
മുഖ്യസന്ദേശം: **അഡ്വ. പ്രമോദ് നാരായണൻ**
(റാന്നി എം എൽ എ)
ക്ലാസ് : **ശ്രീ. ജസ്റ്റിൻ പി ജെയിംസ്**
(ബാലസമാജം തുമ്പമൺ ഭദ്രാസന സെക്രട്ടറി)

06:00 pm സന്ധ്യാ നമസ്കാരം
06.45 pm ഗാനശുശ്രൂഷ
07.00 pm ഒരുക്ക ധ്യാനം **റവ. ഫാ. സഖറിയ തോമസ് പുതുപ്പള്ളി**

2025 മെയ് 5 തിങ്കൾ

06:45 am പ്രഭാത നമസ്കാരം
07:15 am **വി.കുർബ്ബാന**
റവ. ഫാ. സോബിൻ സാമുവേൽ
(മുൻ വികാരി, നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി)
06:00 pm സന്ധ്യാ നമസ്കാരം
അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്
മെത്രാപ്പോലീത്ത (കോട്ടയം ഭദ്രാസനം)
07:00 pm **ഭക്തിനിർഭരമായ പ്രദക്ഷിണം**
ദൈവാലയത്തിൽ നിന്നും ആരംഭിച്ച് ചരുവിൽപടി,
ഇലവുംമൂട്ടിൽപടി, നസ്രേത്ത് പള്ളിപ്പടി,
എബനേസർ സ്കൂൾ വഴി ദൈവാലയത്തിലേക്ക്
09:00 pm ശ്ലൈഹീക വാഴ്വ്
ആകാശദീപക്കാഴ്ച, വാദ്യമേളങ്ങളുടെ ഡിസ്പ്ലേ

2025 മെയ് 6 ചൊവ്വ

07:00 am പ്രഭാത നമസ്കാരം
08:00 am **വി. മൂന്നിന്മേൽ കുർബ്ബാന**
അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്
മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിലും
റവ. ഫാ. എബി വർഗീസ്
റവ. ഫാ. ജോബി ജോസഫ് ജോർജ്ജ്
എന്നീ വൈദികരുടെ സഹകാർമികത്വത്തിലും
10:00 am **പെരുന്നാൾ സന്ദേശം**
10:30 am സെന്റ് ജോർജ്ജ് യുവജന പ്രസ്ഥാനത്തിന്റെ
ചാരിറ്റി പ്രവർത്തനോദ്ഘാടനം
ആദരവ് (ഇടവകയിലെ 80 വയസിന് മുകളിലുള്ള അംഗങ്ങൾക്ക്)
10:45 am പ്രദക്ഷിണം, **ചെമ്പടുപ്പ്**, ശ്ലൈഹീക വാഴ്വ്,
കൈമുത്ത്, നേർച്ച.

2025 മെയ് 11 ഞായർ

07:00 am പ്രഭാത നമസ്കാരം
08:00 am **വി.കുർബ്ബാന**
കൈമുത്ത്, വെച്ചൂട്ട്, കൊടിയിറക്ക്

വിശുദ്ധ കുർബ്ബാനപണം, വഴിപാടുകൾ, സംഭാവനകൾ എന്നിവ പള്ളി ഓഫീസിൽ സ്വീകരിക്കുന്നതാണ്.

Account Holder Name	: St. George Orthodox Church
Bank Name	: Federal Bank, Pazhavangadi Ranni
Account Number	: 10400100023001
IFSC	: FDRL0001040

LIVE NILACKAL VOICE HD

സഹദാ സത്യവിശ്വാസത്തിന്റെ കാവലാൾ

ഫാ. വിനോദ് ഫിലിപ്പ്
ഇടവക പട്ടക്കാരൻ

അദൃശ്യലോകത്തിലെ സഭയിൽപ്പെട്ടവരുമായുള്ള സംസർഗ്ഗം ഓർത്തഡോക്സ് സഭകളിൽ എവിടെ പോയാലും അനുഭവവേദ്യമാണ്. സഭയുടെ ഒരു ചെറിയ കൂട്ടം എവിടെ കൂടിയാലും അവിടെയെല്ലാം ശരീരത്തോടുകൂടിയ വിശ്വാസികളും അദൃശ്യസഭയിൽ ഉള്ളവരും പരിശുദ്ധ മാലാഖമാരും പരിശുദ്ധ ത്രിത്വത്തെ ഒന്നായി സ്തുതിക്കുന്നു. വിശ്വാസത്തിനു വേണ്ടി മരിക്കുന്നവരെയാണ് രക്ത സാക്ഷികൾ അഥവാ 'സഹദാ' എന്ന നാമത്തിൽ അറിയപ്പെടുന്നത്. സഹദായായി അംഗീകരിക്കപ്പെടുന്ന ആദ്യ ക്രൈസ്തവൻ വി. സ്തേഫാനോസ് ആകുന്നു. വിഗ്രഹാരാധിയായിരുന്ന ഡയോക്ലിഷൻ ചക്രവർത്തിയുടെ താൽപര്യങ്ങൾക്കുവേണ്ടി സ്വന്തം വിശ്വാസത്തെ തള്ളിപ്പറയാതെ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുകയും അവസാനം രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്ത വി. ഗീവർഗീസ് സഹദായുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഇന്ന് അനേകർക്ക് അനുഗ്രഹങ്ങളെ ചൊരിയുന്നു.

ഡയോക്ലിഷൻ ചക്രവർത്തിയുടെ ക്രിസ്തീയ പീഡനം വർദ്ധിച്ചതിൽ മനംനൊന്ത് പട്ടാളത്തിലെ ഉന്നത സ്ഥാനം രാജിവെച്ച് ഒരു പൂർണ്ണ സമയ സുവിശേഷ പ്രവർത്തകനായി മാറി ചക്രവർത്തിയുടെ കോപത്തിന് ഇരയായ ഇദ്ദേഹം വളരെയധികം പീഡിപ്പിക്കപ്പെടുകയും എ.ഡി 303 ഏപ്രിൽ 23 ാം തീയതി രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്തു.

സെലിൻ പട്ടണത്തിൽ സുവിശേഷ പ്രചരണാർത്ഥം എത്തിയ വി. ഗീവർഗീസ് സഹദാ ഭീകര സർപ്പത്തിൽ നിന്നും ജനത്തെ മോചിപ്പിക്കുന്നു. ഒരു മുൻ പട്ടാളക്കാരൻ എന്നതിനെക്കാൾ പ്രാർത്ഥനയും ഉപവാസവും ആയുധമാക്കിയ ഒരു വലിയ സുവിശേഷ പോരാളി എന്ന നിലയിലാണ് ഭീകര സർപ്പത്തെ തോല്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഇന്ന് അനേകർക്ക് ധനത്തോടും അധികാരത്തോടുമുള്ള ആസക്തി വർദ്ധിച്ച് പാപത്തിന്റെ ആഴങ്ങളിലേക്ക് പതിക്കുമ്പോൾ സഹദായുടെ തിന്മയുടെ മേലുള്ള വിജയം നന്മയാൽ തിന്മയെ ജയിക്കുക എന്നതിന് ഉദാഹരണമാണ്. "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ, സഹോദരനമാരെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടും കൂടെ നൂറുമടങ്ങ് വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു." (വി. മർക്കോസ് 10:29,30).

ക്രിസ്തുവിനുവേണ്ടി പീഡകളും രക്തസാക്ഷി മരണവും വരിച്ച്, അന്ത്യത്തോളം വിശ്വസ്തനായിരുന്ന വിശുദ്ധ ഗീവർഗീസ് സഹദാ ഇന്നും ദൈവസന്നിധിയിൽ വിശ്വാസികളുടെ ഒരു വലിയ മദ്ധ്യസ്ഥനായി നില കൊള്ളുന്നു.

'വിളിച്ചാൽ വിളി കേൾക്കുന്ന സഹദാ' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ് കുറ്റിയാനി പള്ളിയിലെ സഹദാ സാന്നിദ്ധ്യം, ഈ ദേശത്തിന്റെ സഹദായായ മാർ ഗീവർഗീസിന്റെ മദ്ധ്യസ്ഥതയിൽ പാപികൾ മോചനം പ്രാപിക്കുന്നു. രോഗികൾ സൗഖ്യം പ്രാപിക്കുന്നു. പിശാചു ബാധിതർ മോചിതരാകുന്നു.

ക്രൈസ്തവ ധർമ്മത്തിന് എതിരായി സ്വന്തം കാര്യത്തിനും സ്വാർത്ഥ ലാഭത്തിനും വേണ്ടി സകല തിന്മകളും കാട്ടിക്കൂട്ടുന്ന ആധുനിക സമൂഹത്തിൽ ദൈവീക സാക്ഷ്യത്തിനുവേണ്ടി സ്വയം പരിത്യാഗിയായ സഹദാ ഏവർക്കും മാതൃകയും സഹദായുടെ പ്രാർത്ഥന ഏവർക്കും കാവലും കോട്ടയുമായിരിക്കട്ടെ!

Printed & Published by : Vicar, St. George Orthodox Church, Kuttiyani, Ranni. Design & Printed at Elite Stars Advertising, Pathanamthitta - 9496159857